നമ്പർ: 183/2020

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളിക്കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമനസ്സിലെ 45-ാം ശ്രാദ്ധപ്പെരുന്നാൾ 2020 ഡിസംബർ മാസം 7, 8, (തിങ്കൾ, ചൊവ്വ) തീയതികളിൽ ആ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ നടത്തപ്പെടുന്നതാണ്. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. പരിശുദ്ധ സഭയെ സ്നേഹിച്ച് സുധീരം അതിനെ നയിച്ച പ. ഔഗേൻ ബാവാ തിരുമേനി പൗരസ്ത്യ കാതോലിക്കേറ്റിന്റെ യശസ്സും മഹിമയും ഉയർത്തിപ്പിടിക്കുവാൻ ബദ്ധശ്രദ്ധനായിരുന്നു. പാണ്ഡിത്യം കൊണ്ടും താപസ ജീവിതനിഷ്ഠ കൊണ്ടും ആത്മിക ഔന്നത്യംകൊണ്ടും അദ്വിതീയ സ്ഥാനം അലങ്കരിക്കുന്ന ആ വിശുദ്ധന്റെ പെരുന്നാളാചരണം പരിശുദ്ധ സഭയ്ക്ക് അനുഗ്രഹകരമായിത്തീരട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഈ വർഷത്തെ പെരുന്നാൾ അനുഗ്രഹകരമായി പൂർത്തീകരിക്കുന്നതിന് ഏവരും സഹകരിക്കണമെന്ന് നാം താത്പര്യപ്പെടുന്നു. ഓർമ്മപ്പെരുന്നാളിന്റെ എല്ലാ ശുശ്രൂഷകളിലും വിശ്വാസികൾക്ക് പരിശുദ്ധ സഭയുടെ ഔദ്യോഗിക മാധ്യമമായ ഗ്രിഗോറിയൻ ടി. വി. യിലൂടെ ഓൺലൈനായി പങ്കുചേരാവുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2020 ഒക്ടോബർ മാസം 16-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.